ഉത്തരം

(എ & ബി) ഉണ്ട്.

(സി, ഡി & ഇ) ഇക്കാര്യം പരിശോധിച്ചു വരുന്നു.

ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി

43 (3684) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽപ്പെട്ട വർക്കല വിദ്യാഭ്യാസ ഉപജില്ലയിൽ അക്കോമഡേഷന്റെ കുറവുകൊണ്ട് ഏതെല്ലാം സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അക്കോമഡേഷൻ ലഭ്യമായ സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉന്നത നിലവാരം പുലർത്തുന്നതും ആവശ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉള്ളതുമായ വർക്കല ഗവൺമെന്റ് എൽ. പി. ജി. എസ്.ലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1. ഗവൺമെന്റ് എൽ. പി. എസ്., കാപ്പിൽ

2. എൽ. പി. എസ്., ശ്രീനിവാസപുരം

3. എൽ. പി. ജി. എസ്., കുരകണ്ണി

4. എം. എൽ. പി. എസ്., ചിലയൂർ

5. യു. പി. എസ്. അരിയൂർ

6. എസ്. ആർ. യു. എൽ. പി. എസ്., കടയ്ക്കാവൂർ

7. എൽ. എം. എസ്. എൽ. പി. എസ്., വർക്കല

(ബി) ഇക്കാര്യത്തിൽ അക്കോമഡേഷനുപുറമേ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ മങ്കട - പള്ളിപ്പുറം അന്ധ വിദ്യാലയം

44 (3685) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മങ്കട-പള്ളിപ്പുറം അന്ധവിദ്യാലയത്തിൽ എത്ര വിദ്യാർത്ഥികളും ജീവനക്കാരുമുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ മാനേജ്മെന്റ് കൈമാറ്റം ചെയ്തപ്പോൾ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെയാണ് കൈമാറ്റം ചെയ്തതെന്ന പരാതി ശരിയാണോ ;

(സി) ഈ വിദ്യാലയത്തിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതും മറ്റു ചെലവുകൾ വഹിക്കുന്നതും സർക്കാരാണോ; ആണെങ്കിൽ കഴിഞ്ഞ 5 വർഷം ഈ സ്കൂളിന്റെ നടത്തിപ്പിന് എന്ത് ചെലവ് വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ എന്തുമാത്രം സംഭാവനകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് കെ. ഇ. ആർ. അനുസരിച്ചാണോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇവിടുത്തെ അദ്ധ്യാപകരിൽ നിശ്ചിത യോഗ്യതയില്ലാത്ത ആരെങ്കിലും ജോലിയിൽ തുടരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ; ഉണ്ടെങ്കിൽ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) ദീർഘകാല സർവീസും നിശ്ചിത യോഗ്യതയുമുള്ള അദ്ധ്യാപകർ ഉണ്ടായിട്ടും നിശ്ചിത യോഗ്യതയും സർവീസുമില്ലാത്ത വ്യക്തിയെ ഹെഡ്മാസ്റ്ററായി നിയമിച്ചു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) യോഗ്യതയുള്ളതും സീനിയറുമായ വ്യക്തിയെ ഹെഡ്മാസ്റ്ററായി നിയമിക്കണമെന്ന് കാണിച്ച് ഡി.പി.ഐ. ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു നടപ്പിലാക്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 37 വിദ്യാർത്ഥികളും 21 ജീവനക്കാരുമുണ്ട്.

(ബി) ശരിയല്ല

(സി) സർക്കാരാണ്. ഏകദേശം മുപ്പതുലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്.

(ഡി) വിവരം ലഭ്യമല്ല.

(ഇ) അദ്ധ്യാപക നിയമനം കെ. ഇ. ആർ. അനുസരിച്ചും, സ്കൂളിന്റെ പ്രവർത്തനം സ്പെഷ്യൽ റൂൾസിനും വിധേയമാണ്.

(എഫ്) പ്രധാന അദ്ധ്യാപകൻ നിശ്ചിത യോഗ്യതയില്ലാത്ത വളരെ ജൂനിയറായ ആളാണ്.

(ജി) ഉണ്ട്.

(എച്ച്) ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവ് മാനേജർ നടപ്പിലാക്കിയിട്ടില്ല. അതിന് എതിരെ യോഗ്യതയുള്ള സീനിയർ അദ്ധ്യാപകർ ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly